QM 004, EM 016
IND/QMS/NAB-C2930/2771
ISO 9001:2015

ഇടവെട്ടി ഗ്രാമപഞ്ചായത്ത് കാര്യലയം
ഇടവെട്ടി പി ഒ, ഇടുക്കി ജില്ല
പിന്: 685588, ഫോൺ: 04862 223809
ഇമെയിൽ: edavettygramapanchayat@gmail.com

നമ്പർ: B2-2871/2024 തീയതി:20/09/2024

പ്രേഷിതൻ
സെക്രട്ടറി
ഇടവെട്ടി ഗ്രാമപഞ്ചായത്ത്

ഗ്രാഹകൻ
സൽമ റ്റി.കെ.
തെക്കേപുരയിടം
ഇടവെട്ടി പി.ഒ

സര്,

വിഷയം: കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നത് സംബന്ധിച്ച്

സൂചന 1. താങ്കളുടെ 5418/2023 നമ്പര് അപേക്ഷ
2. 30/08/2024 തീയതിയിലെ തദ്ദേശ അദാലത്ത് തീരുമാനം

മേൽ വിഷയത്തിലേക്കും സൂചനകളിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. കാരിക്കോട് വില്ലേജ് സർവ്വേ നമ്പര് 146/6 ല് പെട്ട സ്ഥലത്ത് 158.66 ച.മീ. വിസ്തൃതിയുള്ള വാസഗൃഹം പണിയുന്നതിന് പെർമ്മിറ്റ് അനുവദിച്ചിട്ടുള്ളതും കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ടി കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതിന് സൂചന(1) പ്രകാരം താങ്കള് സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൻ മേല് ബോദ്ധ്യപ്പെട്ട അപാകതകള് പരിഹരിക്കുന്നതിന് താങ്കൾക്ക് രേഖാമൂലം അറിയിപ്പുകൾ നൽകിയിട്ടുള്ളതുമാണ്. 30/08/2024 തീയതിയിലെ തദ്ദേശ അദാലത്ത് താങ്കളുടെ അപേക്ഷ പരിഗണിച്ച് സ്ഥലപരിശോധന നടത്തിയിട്ടുള്ളതാണ്.

ആയത് പ്രകാരം, ചട്ട പ്രകാരം ഉണ്ടായിരിക്കേണ്ട തുറസ്സായ സ്ഥലത്തേയ്ക്ക് തള്ളി നിൽക്കുന്ന SHADE PROJECTION, VERANDA, FRONT PORTION എന്നിവ ക്രമീകരിക്കുകയും , ഭൂമിയുടെ കൃത്യമായ അതിരുകൾ താലൂക്ക് സർവ്വെയറെ കൊണ്ട് നിർണ്ണയിച്ച് അതിര് കല്ല് സ്ഥാപിച്ച് റിപ്പോർട്ട് പഞ്ചായത്ത് ഓഫീസില് ഹാജരാക്കുകയും ചെയ്യുന്ന മുറയ്ക്ക് താങ്കളുടെ അപേക്ഷയിന് മേല് തുടർനടപടികള് സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ

ഇടവെട്ടി ഗ്രാമപഞ്ചായത്ത് ഓഫീസ്
ഇടവെട്ടി പി.ഒ.

സെക്രട്ടറി
ഇടവെട്ടി ഗ്രാമപഞ്ചായത്ത്